# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുമാറാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-960/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-960/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-03-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 26-05-2022 | 02-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-05-2022 | 02-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ.എൻ.(ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ജോസഫ് ജോർജ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.വിജു.എം.എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

കുമാരി.മെഴ്സി.കെ.പി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.അനീഷ്.ടി.എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഒ.എൻ. വിജയൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ് മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 01-11-2020 | 16-12-2020 |
| ശ്രീമതി രമമുരളീധരകൈമൾ | പ്രസിഡന്റ് | 17-12-2020 | 31-03-2021 |
| ശ്രീമതി രാജശ്രീ കെ. | സെക്രട്ടറി | 01-04-2020 | 11-06-2020 |
| ശ്രീ. പി. ആർ. മോഹൻകുമാർ | സെക്രട്ടറി | 11-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഗിരിജ ബി. | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, കാക്കൂർ | 01-04-2020 | 31-03-2021 |
| ഡോ. സാവിത്രി കെ. | മെഡിക്കൽ ഓഫീസർ, പി.എച്.സി. | 01-04-2020 | 31-03-2021 |
| ശ്രീമതി രാജി കെ.ആർ. | വി. ഇ.ഒ. ഗ്രേഡ് I | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ ശശിധരൻ | വി. ഇ.ഒ. ഗ്രേഡ് I | 01-04-2020 | 31-03-2021 |
| ശ്രീമതി ജിജി ടി.കെ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സഫ്ന ഐസക് | വെറ്റിനററി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സൂര്യമോൾ വി.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു പ്രസാദ് | അസി. എൻജിനീയർ, LSGD | 01-04-2020 | 31-03-2021 |
| ഡോ. ജോർലിൻ ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണേന്ദു മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 30-09-2020 |
| ശ്രീമതി ശ്രീദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-10-2020 | 31-03-2021 |
| ശ്രീ.റെയ്സൺ വർഗീസ് | അസി. സെക്രട്ടറി | 01-04-2020 | 20-06-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 20-06-2020 | 25-06-2020 |
| ശ്രീ. മനോജ് എം. എസ്. | അസി. സെക്രട്ടറി | 26-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 04-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 01-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 02-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 04-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-11 |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 04-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-12 |
| 14 | വീട്ടുകരം ഒഴിവാക്കൽ - വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Aneesh T S (Auditor, On 04-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-13 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം -അപാകതകൾ<br>Written By: Mercy KP (Auditor, On 02-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-14 |
| 16 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. അടവാക്കി<br>Written By: Mercy KP (Auditor, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-15 |
| 17 | തുല്യതാ പഠനം - യോഗ്യത നേടിയതിന്റെയോ പരീക്ഷ എഴുതിയതിന്റെയോ | 1-16 |

| | | |
|---|---|---|
| | രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Mercy KP (Auditor, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | |
| 18 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല.<br>Written By: Viju M S (Senior Grade Auditor, On 01-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-17 |
| 19 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം<br>Written By: Viju M S (Senior Grade Auditor, On 02-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-18 |
| 20 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Viju M S (Senior Grade Auditor, On 04-06-2022) | 1-19 |
| 21 | പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-20 |
| 22 | പഞ്ചായത്തിന്റെ ഭൂസ്വത്തുക്കളുടെ സംരംക്ഷണത്തിന് നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Joseph George (Senior Grade Auditor, On 02-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-21 |
| 23 | പഞ്ചായത്ത് ഓഫീസിലെ വാഹനത്തിന്റെ ബാറ്ററി വാങ്ങൽ<br>Written By: Aneesh T S (Auditor, On 04-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-22 |
| 24 | പ്രൊഫഷണൽ സേവനങ്ങൾക്ക് ചാർജ്ജ് - ആദായനികുതി ഈടാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-23 |
| 25 | തെരുവുവിളക്ക് അറ്റകുറ്റപ്പണി- ഒഴിവാക്കിയ നികുതി തുക കരാറുകാരന് അധികമായി നൽകി<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-24 |
| 26 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 02-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-25 |
| 27 | ഇ-ടെണ്ടർ ഫീസ് - ബാങ്ക് ചാർജ്ജ് ഈടാക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 02-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-26 |
| 28 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 02-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-27 |
| 29 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല<br>Written By: N.Vijayakumar (Audit Officer (HG), On 03-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-28 |
| 30 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 03-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-29 |
| 31 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 02-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-30 |
| 32 | തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം- പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 03-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-31 |
| 33 | മണ്ണത്തൂർ പള്ളിത്താഴം മഴുകുന്ന് റോഡ് സൈഡ് വാൾ കോൺക്രീറ്റിംഗ് - | 1-32 |

| | | |
|---|---|---|
| | പ്രവൃത്തി മൂല്യത്തിലധികം തുക പിൻവലിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 02-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | |
| 34 | വെയിറ്റിംഗ് ഷെഡ് നിർമ്മാണം - (വാളിയപ്പാടം, ചാക്കാപ്പടി, മണത്തൂർ അത്താണിക്കര എച്ച്.എസ് ജംഗ്ഷൻ) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 03-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Joseph George (Senior Grade Auditor, On 01-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 02-06-2022)<br>Last Updated By: Viju M S (Senior Grade Auditor, On 02-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 01-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 02-06-2022)<br>Last Updated By: Viju M S (Senior Grade Auditor, On 02-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Aneesh T S (Auditor, On 01-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 02-06-2022)<br>Last Updated By: Viju M S (Senior Grade Auditor, On 04-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 13.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 08.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2127958.15 | 7414253.00 |
| വരവ് | 167648198 | 80538982.00 |
| ആകെ | 169776156.15 | 87953235.00 |
| ചെലവ് | 167933462 | 80395881.00 |
| നീക്കിയിരിപ്പ് | 1842694.15 | 7557354.00 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിക്കുന്ന രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 14.06.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.
01. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് , ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിലെ ചെലവുകൾ വാർഷിക ധനകാര്യപത്രിക , സുലേഖ ചെലവു പത്രിക എന്നിവയിൽ നിന്നും വ്യത്യസ്തമാണ്. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ട ചെലവുകളിൽ ചിലത് സുലേഖയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.
2.വാട്ടർ അതോറിറ്റി വർക്കുകളുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ നൽകിയ അഡ്വാൻസുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. 01/04/2020 ൽ 862444 രൂപ വരുന്ന മുന്നിരിപ്പിന്റെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വിവിധ പദ്ധതികൾ വഴി ഡെപ്പോസിറ്റ് വർക്കായി നൽകിയ മുഴുവൻ തുകയും വാർഷിക കണക്കിൽ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. ഉദാ. ഇറിഗേഷൻ വകുപ്പിന് മെറ്റാലിക് ഷട്ടർ സ്ഥാപിക്കുന്നതിന് നൽകിയ 630000 രൂപ വാർഷിക കണക്കുകളിൽ ഡെപ്പോസിറ്റായി ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകളിൽ ഏത് പ്രവർത്തിക്കാണ് തുക നൽകിയത് , പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിവരങ്ങളൊന്നും ലഭ്യമല്ല. കൂടാതെ വാർഷിക കണക്കിലെ Advance To Others, Advance To Implementing Officers ശീർഷകത്തിലുള്ള തുകകളും ക്രമീകരിച്ചിട്ടില്ല. ഈ ശീർഷകങ്ങളിൽ നൽകിയ വിശദവിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
3.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4.ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

5. ലൈഫ് വായ്പയുടെ മുൻവർഷ നീക്കിയിരുപ്പിൽ വന്ന 8650 രൂപയുടെ വ്യതാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല .

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 7414253.00 |
| വരവ് | 80538982.00 |
| ആകെ | 87953235.00 |
| ചെലവ് | 80395881.00 |
| നീക്കിയിരിപ്പ് | 7557354.00 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9208618 | 9208618 | 9208618 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4330625 | 4330625 | 4268091 | 0 | 62534 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 107164 | 107164 | 91000 | | 16164 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21190000 | 21190000 | 21190000 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3069178 | 0 | 387503 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 8650899 | 8650899 | 8606141 | | 44758 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 4050000 | 4050000 | 4050000 | | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| LAD | 36512 | 0 | 36512 | | 36512 | |
| ICDS | 2497229 | 392039 | 2889268 | 2625652 | 263616 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 110004402 | 124 | 64447556 | 17 | 43 | 67.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 185941.52 | 1553638 | 1739579.52 | 1733967 | 5612.52 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 31915678 | 31915678 | 31915678 | |
| ആകെ | 185941.52 | 33469316 | 33655257.52 | 33649645 | 5612.52 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5026900 | 308 |
| വിധവാപെൻഷൻ | 8937300 | 584 |
| വാർദ്ധക്യകാലപെൻഷൻ | 25473600 | 1722 |
| വികലാംഗപെൻഷൻ | 2599400 | 176 |
| വിവാഹധനസഹായം | 30000 | 1 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1059400 | 69 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2022 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9380/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. *നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിലുള്ളതല്ല.*

7)മാനുവൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 | ഒക്ടോബർ 2020 മുതൽ ഒക്ടോബർ 2021 | 28.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2018 | 2016-17 | 04.08.2018 |

.

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തിരുമാറാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020 -21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 27/2021 തിയതി 1/6/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| ക്ഷീരോല്പാദക സഹകരണസംഘം തിരുമാറാടി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| എസ് ബി ഐ കാക്കൂർ ബ്രാഞ്ച് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| മുത്തൂറ്റ് ഫിൻകോർപ്പ്, മണ്ണത്തൂർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ബി എസ് എൻ എൽ മണ്ണത്തൂർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| മാവേലി സ്റ്റോർ മണ്ണത്തൂർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിലെ 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 50 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | നിർണ്ണയിച്ച നികുതി - 30 രൂപ നിരക്കിൻ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | നികുതി കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) |
|---|---|---|---|---|---|
| 6/450 എ | 2013 (First Half ) | 165 | 8250 | 4950 | 3300 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 2013 ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/2021 തിയതി 01/06/2022 നൽകിയെങ്കിലും വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല ആയതിനാൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുറവുവന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വീട്ടുകരം ഒഴിവാക്കൽ - വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകിയതിന് വിമുക്ത ഭടന്മാർ നൽകിയ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ആയതു ലഭ്യമാക്കിയില്ല വിമുക്ത ഭടന്മാർ നൽകിയ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കാത്തപക്ഷം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്ര നം | വാർഡ് / വീട് നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/96 | എൻ എ ഇട്ടൻകുഞ്ഞ്(നെല്ലികാവുങ്കൽ,മണ്ണത്തൂർ പി ഒ) |
| 2 | 1/432 | കെ എം ഏലിയാസ്(പുറ്റംപുറത്ത്,മണ്ണത്തൂര് പി ഒ) |
| 3 | 2/35 | ബെന്നി ചുമ്മാര്(മുകളേല്,മണ്ണത്തൂര്,686667) |
| 4 | 3/12 | സി.എ വർഗീസ്(ചങ്ങനാകുന്നേൽ,മണ്ണത്തൂർ,686667) |
| 5 | 4/34 | എം. എൻ. മോഹനൻ(മുണ്ടോകണ്ടത്തിൽ,കരിമ്പന) |
| 6 | 4/444 | കെ.സി.രാജു(കൊരണ്ടിപ്പിള്ളിൽ,ഒലിയപ്പുറം,9446209633(മൊബൈൽ)) |
| 7 | 5/426 | കെ കെ ശിവൻകുട്ടിനായർ(കുന്നത്ത്,ഒലിയപ്പുറം,9495841309(മൊബൈൽ)) |
| 8 | 6/121 | പി.പി ജോർജ്ജ്(പള്ളിപ്പുറമ്പിൽ,ഒലിയപ്പുറം) |
| 9 | 6/526 | വിശ്വനാഥൻ എം.കെ(മുണ്ടോകണ്ടത്തിൽ) |
| 10 | 7/344 | മാത്യൂ പി.എം(പാലത്താനത്ത്,തിരുമാറാടി) |
| 11 | 10/23 | വി കെ സുദർശനൻ നായർ(വിവേകാനന്ദ ഭവനം,തിരുമാറാടി) |
| 12 | 11/58 | പി വി ജോസഫ്(പുത്തൻകണ്ടത്തിൽ,കാക്കൂർ പെരിയപ്പുറം പി ഒ) |
| 13 | 11/349 | ജോഎൽദോസ്കുട്ടിർജ്(പൂതകുഴിയിൽ വീട്,കാക്കൂർ) |
| 14 | 12/310 | കെ ഇ ജോർജ്(കള്ളാട്ടുകുഴിയിൽ,കാക്കൂർ പി ഒ) |
| 15 | 13/335 | ഷിബു സി.പി(ചെട്ടിക്കണ്ടത്തിൽ,കാക്കൂർ,686662) |

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം -അപാകതകൾ

മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി 2020-21 ലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം നിലവിലും തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചതായും ബാങ്കുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക്

നിക്ഷേപിക്കാൻ സാധിക്കാത്തതായും കാണുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാനും മരണ റിപ്പോർട്ടുകളിൻ മേൽ സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നിലവിലും പെൻഷൻ വിതരണം നടത്തുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.05.22) മറുപടി ലഭ്യമാക്കിയില്ല.

A. ഗുണഭോക്താവിന്റെ മരണശേഷവും ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം./ Bank/ Pension | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 495893265754/ SBI/ വാർദ്ധക്യകാല പെൻഷൻ | മറിയക്കുട്ടി മത്തായി | 10.12.20 | 26900 | 1/21 -4/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു (5/22- തുക ബാങ്കിനു കൈമാറി ) |
| 2 | 498492297813/SBI/ വിധവ പെൻഷൻ | മേരി ഐസക് | 21.11.20 | 28300 | 12/20- 4/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു (5/22- തുക ബാങ്കിനു കൈമാറി ) |
| 3 | 687019953431/SBI/ വാർദ്ധക്യകാല പെൻഷൻ | തൊമ്മൻ തോമസ് | 20.11.20 | 28400 | 12/20- 4/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു(5/22- തുക ബാങ്കിനു കൈമാറി ) |
| 4 | 336514552695/SBI/ വാർദ്ധക്യകാല പെൻഷൻ | കുട്ടപ്പൻ | 26.09.20 | 31400 | 10/20 - 4/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു(5/22- തുക ബാങ്കിനു കൈമാറി ) |
| | ആകെ | | | 1,15,000/- | | |

B. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതിനാൽ വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്റ്റ് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | ആധാർ നം./pension | പേര്/ മരണപ്പെട്ട തീയതി | Date Of Suspension | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | 991994543604/ കർഷക തൊഴിലാളി പെൻഷൻ | നാരായണൻ കെ.സി. /10.11.20 | 19.07.21 | 12100 | 11/20 - 6/21 |
| 2 | 938123637980/ വാർദ്ധക്യകാല പെൻഷൻ | മറിയം വർഗ്ഗീസ് 01.03.20 | 08.10.20 | 18000 | 10/19 - 9/20 |
| 3 | 629214709915/ വാർദ്ധക്യകാല പെൻഷൻ | പൗലോസ് കെ.എസ്./ 20.09.20 | 18.06.21 | 13300 | 9/20-5/21 |
| 4 | 710494827825/ കർഷക തൊഴിലാളി പെൻഷൻ | ത്രേസ്യ പൈലി/ 16.09.20 | 19.03.21 | 8600 | 9/20- 2/21 |
| 5 | 966273731183/ വാർദ്ധക്യകാല പെൻഷൻ | ഐപ്പ്ജോസഫ് /14.09.20 | 20.07.21 | 13800 | 10/20-6/21 ( Catholic Syrian Bank |
| 6 | 887165410216/ കർഷക തൊഴിലാളി പെൻഷൻ | ഇത്താപ്പിരി അബ്രഹാം/ 13.09.20 | 19.03.21 | 8600 | 9/20- 2/21 |
| 7 | 643103946208/ വാർദ്ധക്യകാല പെൻഷൻ | എം.സി. ഉലഹന്നാൻ/ 30.08.20 | 18.06.21 | 13700 | 9/20- 5/21 |

| | | | | | |
|---|---|---|---|---|---|
| 8 | 550242640741/ വാർദ്ധക്യകാല പെൻഷൻ | വേലായുധൻ കൃഷ്ണൻ ( കുട്ടപ്പൻ എ.വി. )14.02.20 | 18.06.21 | 5400 | 9/20- 5/21 |
| | ആകെ | | | 93500 | |

C. താഴെ പറയുന്ന , ശ്രീമതി ഓമനയുടെ, വിധവ പെൻഷൻ Account Reached Maximum Credit Limit എന്ന കാരണത്താൽ SBI Account ൽ നിക്ഷേപിക്കാൻ സാധിക്കാത്തതും അനർഹമായ കാലയളവിൽ നിക്ഷേപിച്ചതുമായ തുകകളുടെ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമാക്കി തുടർ നടപടിവിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ആധാർ നം./pension | പേര്/ മരണപ്പെട്ട തീയതി | Date Of Suspension | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | 450187782304/ വിധവ പെൻഷൻ( Account Reached Maximum Credit Limit ) | ഓമന 24.03.20 | 05.10.20 | 12700 | 12/2019- 9/2020 തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |

D. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശസ്ഥാപനം എന്ന നിലയിൽ തുടർനടപടികൾക്കായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിനെ/ കൃഷി ഓഫീസിനെ വിവരം അറിയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ആധാർ നം. | പേര്/ മരണപ്പെട്ട തീയതി | ആക്ടീവായി തുടരുന്ന പെൻഷൻ/ Pension ID |
|---|---|---|---|
| 1 | 872626738838 | ശ്രീധരൻ നായർ 29.11.10 | കർഷക പെൻഷൻ /2220137073 |
| 2 | 550242640741 | വേലായുധൻ കൃഷ്ണൻ ( കുട്ടപ്പൻ എ.വി. ) 14.02.20 | Dairy Farmers Welfare Fund Board Pension / 2080030448 |

മരണപ്പെട്ടു എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ മേൽ 65 അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാതെ നിലവിലും ടി അക്കൗണ്ടുകളിലേക്ക് പെൻഷൻ വിതരണം നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇവയുടെ കൈമാറാൻ സാധിക്കാത്ത തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

E. മരണപ്പെട്ടു എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുണ്ട് എന്ന ഓൺലൈൻ മെസ്സേജ് പ്രകാരം പരിശോധിച്ചതിൽ 65 പേരുവിവരങ്ങൾ കാണുന്നുണ്ട്. ( സർക്കാർ ഉത്തരവ് ( M.S.) നം. 97/2020ധന തീ. 23.09.20 പ്രകാരമുള്ള മുന്നറിയിപ്പായി സേവന സോഫ്റ്റ്‌വെയറിൽ കാണുന്നു.)
ഉദാ.-

| ക്രമ നം. | Pension ID | പേര്/ | പെൻഷൻ | റിമാർക്സ് |
|---|---|---|---|---|
| 1 | 106940100037 | മറിയം ചാണ്ടി | കർഷക തൊഴിലാളി പെൻഷൻ ആക്ടീവ് | ഡയറക്ട് ടു ഹോം - തുക കൈമാറാൻ സാധിച്ചിട്ടില്ല ( 6400/- ) |

മരണപ്പെട്ടു എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ മേൽ 65 അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാതെ നിലവിലും ടി അക്കൗണ്ടുകളിലേക്ക് പെൻഷൻ വിതരണം നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇവയുടെ കൈമാറാൻ സാധിക്കാത്ത തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

F. മരണ റിപ്പോർട്ടിനൊപ്പം ആധാർ നമ്പർ ലഭ്യമല്ലാത്തിനാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കാൻ സാധിക്കാത്തവയുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പേര്/ മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം. | റിമാർക്സ് |
|---|---|---|---|
| 1 | റോസ വർക്കി/ 24.04.20 | 35/20- 14.05.20 | പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് തുടർ നടപടി വിവരങ്ങളുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| 2 | ജാനകി/ 04.04.20 | 34/20-14.05.20 | " |

G. മരണ റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതു സംബന്ധിച്ച് ഓഫീസ് ഓർഡർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ഓഫീസ് ഓർഡർ

നൽകിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മരണപ്പെട്ട ഗുണഭോക്താക്കളുടെ/ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 001101023000269 ഐ.എഫ്.എസ് കോഡ്- KSBK0000101. വിതരണത്തിനായി ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതും എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതുമായ തുകകൾ സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കി തുകകൾ തിരികെ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് സഹിതം ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. അടവാക്കി

അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | 158/20-21 |
| അടങ്കൽ | 17,00,000/- |
| ചെലവ് | 16,38,850/- |
| ബിൽ നം. , Ch No. /തീയതി | 1/20-21 / 10.06.20<br>0490261/04.06.20<br>0919852/21.0822<br>0490263/1609.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് . കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് വില ഈടാക്കിയതെന്ന് കാണുന്നു (73.5/KG) . വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | അളവ് | ജി.എസ്.ടി |
|---|---|---|---|
| 1 | 103/09.03.20 | 678 | 2373 |
| 2 | 122/09.04.20 | 780 | 2730 |
| 3 | 130/12.05.20 | 774 | 2709 |
| 4 | 141/04.06.20 | 723 | 2531 |
| 5 | 150/18.08.20 | 738 | 2583 |
| 6 | 165/21.09.20 | 795 | 2783 |
| 7 | 175/21.10.20 | 768 | 2688 |
| 8 | 189/24.11.20 | 792 | 2772 |
| | ആകെ | | 21169/- |

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | 265/20-21 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |

| | |
|---|---|
| ബിൽ നം. , Ch No. /തീയതി | 7/20-21/ 20.03.21<br>8/20-21/27.03.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | അളവ് | ജി.എസ്.ടി |
|---|---|---|---|
| 1 | 208/25.01.21 | 792 | 2772 |

ജി.ഒ. നം . സാധാ. 1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05 /2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 10/28.05.22) ലഭ്യമാക്കിയ മറുപടിയിൽ വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്ത് പ്രകാരം
അമൃതം ന്യൂട്രിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018 /തസ്വഭവ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്നും രേഖപ്പെടുത്തി കാണുന്നു. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ബാധകമല്ലാത്ത ജി.എസ്.ടി നൽകിയത് (23941/-) തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി റഗുലർ ആണോ കോമ്പൗണ്ട് ആണോ എന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. എന്നാൽ ജി.ഒ. നം.സാധാ. 1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. ഈ തുകയാണ് (73.50/ KG) ന്യൂട്രിമിക്സിന്റെ ബില്ലിൽ ഈടാക്കിയിരിക്കുന്നത്. ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ സ്ഥാപനം ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-16 തുല്യതാ പഠനം - യോഗ്യത നേടിയതിന്റെയോ പരീക്ഷ എഴുതിയതിന്റെയോ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിൻറെ പേര് | തുല്യതാ പഠനം. |
| പ്രോജക്ട് നമ്പർ | 220/ 20-21 |
| അടങ്കൽ | 41000/- |
| ചെലവ് | 39800/- |
| ബിൽ നം./തീയതി | 3/20-21/ 18.03.21 , 25000/-<br>2/20-21/ 18.03.21 ,14800/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. എൽ. പി.എസ്. കാക്കൂർ |

+2 തുല്യത, പത്താം തരം തുല്യത എന്നിവയ്ക്കായി യഥാക്രമം 25000/-, 14800/- എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. +2 വിന് 10 കുട്ടികളും പത്താം തരത്തിന് 8 കുട്ടികളും രജിസ്റ്റർ ചെയ്തതായി ഫയലിൽ കാണുന്നു. എന്നാൽ ഇവർ മേൽ പദ്ധതി പ്രകാരമുള്ള കോഴ്സുകളുടെ യോഗ്യത നേടിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. (5കുട്ടികൾ പത്താം തരം പാസ്സായതായി നിർവഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിച്ചു) മേൽ 18 കുട്ടികളും പദ്ധതി പ്രകാരമുള്ള കോഴ്സുകളുടെ യോഗ്യത നേടിയതിന്റെയോ പരീക്ഷ എഴുതിയതിന്റെയോ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-9/28.05.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-17 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല.

സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയം കുടിശ്ശിക ആകുമ്പോൾ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്മാരായ ശ്രീമതി ഉഷ പ്രേംകുമാർ ,ശ്രീമതി.മിനി ടോം എന്നിവർക്ക് ഡിസംബർ 2020,ജനവരി 2021എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് യഥാക്രമം 12136,(17.03.2021 ,ചെക്ക് നം 94515 ) 15120രൂപ ( ആകെ 27256) നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 01.06.2022 ൽ നല്കിയ 23ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം

തിരുമാറാടി ഗ്രാമപഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 13 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം കർമ്മോന്മുഖരായി പ്രവർത്തിച്ചിട്ടുണ്ട്. യൂത്ത് വോളന്റിയർമാരെ ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുകയും അവർക്ക് കിലയുടെ ഓൺലൈൻ പരിശീലനം നല്കിയിട്ടുമുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മീറ്റിംങ് കൂടിയതിന്റെ വിവരം ലഭ്യമാക്കിയില്ല,

പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നൽകേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 24മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുള്ളതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺ ലൈനായും ഓഫ് ലൈനായും നിയമപ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുള്ളതാണ്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020 21 സാമ്പത്തിക വർഷം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിനായി സുലേഖ വഴി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി വാർഡ് തലത്തിൽ മെമ്പർ മാർ ചെയർമാന്മാരായി മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്.

പഞ്ചായത്ത് തലത്തിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആവിഷ്കരിക്കുകയോ, ആയതിന്റെ പ്രവർത്തനങ്ങൾക്കായി ലൈബ്രറികളോ, അംഗനവാടികളോ, കമ്മ്യൂണിറ്റി ഹാളുകളോ ഉപയോഗപ്പെടുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി 2020-21വർഷത്തിൽ പൊതുജനങ്ങളിൽ നിന്നും 117770 രൂപ ലഭിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം CFLTC യ്ക്ക് വേണ്ടി സെക്രട്ടറിയുടെ പേരിൽ ട്രഷറിയിൽ 79901140005960 നമ്പ്ര അക്കൗണ്ട് ആരംഭിച്ചു. സംഭാവനയായി ലഭിച്ച തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സംഭാവനയായി ലഭിച്ച തുക എല്ലാംതന്നെ കോവിഡി പ്രതിരോധപ്രവർത്തനങ്ങൾക്കായി ചെലവു ചെയ്തിട്ടുള്ളതാണ്.

കുടുംബ ശ്രീ മൈക്രോ സംരംഭകയൂണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ സി.ഡി.എസിൽ നിന്നും സംഭാവനയായി തുകയൊന്നും ലഭ്യമായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി കമ്മ്യൂണിറ്റി കിച്ചൺ നന്നായി പ്രവർത്തിക്കുന്നുണ്ട്.

വാർഡുതലത്തിൽ പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സംഭാവനയിനത്തിൽ ലഭിക്കുന്ന തുക സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 217770രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നുൾപ്പെടെ 2020-21വർഷത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ് 452471/- രൂപയാണ്.

പഞ്ചായത്തിൽ ഇതേവരേ കോവിഡ് ബാധിച്ച് 27 പേർ മരിക്കുകയും 4284 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് പഞ്ചായത്ത് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ഓഫ് ലൈനായിട്ടാണ് കൂടിയിട്ടുള്ളത്.

## 1-19 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം-162/2021-S.O

അടങ്കൽ-400000/-( മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് )

ചെലവ്-399997 -*(ബിൽ നം- 23*/2020-21 Rs.2,00,000/- C/o 14/01/2021)

നിർവ്വഹണം- മെഡിക്കൽ ഓഫീസർ
ഓഡിറ്റ് എൻക്വയറി- 24 Dtd 01/06/2022

തിരുമാറാടി ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2,00,000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ,തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. 27.11.2020 ൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സനസരിച്ച് ( PRF-3693 ) ട്രഷറിയിൽ നിന്ന് 2,00,000 രൂപ U 000000837127086 Dtd 14/01/2021 എന്ന UTR നമ്പർ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ,തിരുവനന്തപുരത്തിൽ നിന്ന് മരുന്ന് ലഭ്യമായതിന്റെ ബില്ലുകളോ, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം മെറ്റാലിക് ഷട്ടർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബന്ധപ്പെട്ട സ്ഥാപനം കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രവും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|---|
| 197/ 2021 | കീഴ്ചിറ മെറ്റാലിക് ഷട്ടർ | ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ,ആലപ്പുഴ | Rs.630000/-(TRN-20126000000002611 Dt 23/09/2020) |
| | ആകെ | | 6,30,000 |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവിരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവുരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-21 പഞ്ചായത്തിന്റെ ഭൂസ്വത്തുക്കളുടെ സംരംക്ഷണത്തിന് നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലം, പഞ്ചായത്ത് സ്റ്റേഡിയം , കാക്കോർ ഓഡിറ്റോറിയം, ഘടകസ്ഥാപനങ്ങളുടെ ഓഫീസ് നിൽക്കുന്ന സ്ഥലങ്ങൾ, വിവിധ അംഗൻവാടി കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പ്രധാന ആസ്തികളാണ്. ഇത്തരം ആസ്തികളുടെ വിശദവിവരങ്ങൾ ; സ്ഥലങ്ങളുടെ ആധാരത്തിന്റെ നമ്പർ, സർവ്വേ നമ്പർ/റീ സർവ്വേ നമ്പർ, വിസ്തീർണ്ണം, ആസ്തി ആർജ്ജിച്ച വർഷം ,തണ്ടപ്പേർ നമ്പർ, പോലുള്ള അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററോ രേഖകളോ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ

പ്രകാരമുള്ള ആസ്തിവിവരങ്ങളിലും കെട്ടിടങ്ങൾ,റോഡുകൾ,വാഹനങ്ങൾ പോലുള്ള ആസ്തികളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. എസ്.സി കോളനി ,സ്റ്റേഡിയം പോലുള്ള സ്ഥലങ്ങൾ ഉൾപ്പടെയുള്ള ആസ്തികളുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥലങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്ന റവന്യൂരേഖകൾ, സ്ഥലം പോക്കുവരവ് ചെയ്ത് ഉടമസ്ഥത പേരിലേക്ക് മാറ്റിയതിന്റെ വിവരങ്ങൾ, ഭൂനികുതി സമയബന്ധിതമായി ഒടുക്കുന്നതിന്റെ വിവരങ്ങൾ, ആസ്തികളുടെ അതിരുകൾ തിരിച്ച് സംരംക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഈ രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ-31 തിയതി 02/06/2022) രേഖകൾ ഹാജരാക്കിയില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ കാലികമാക്കാൻ നടപടി സ്വീകരിച്ച് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് ഓഫീസിലെ വാഹനത്തിന്റെ ബാറ്ററി വാങ്ങൽ

പഞ്ചായതത്ത് ഓഫീസിലെ വാഹനത്തിന്റെ ബാറ്ററി പ്രവർത്തന രഹിതമായതിനാൽ ആയതു മാറ്റി പുതിയ ബാറ്ററി വാങ്ങുന്നതിനായി ക്വട്ടേഷൻ വിളിച്ചിരുന്നതും കുറഞ്ഞ തുക ക്വാട്ടുചെയ്ത യൂണിയൻ ഓട്ടോമൊബൈൽ പാമ്പാകുട എന്ന സ്ഥാപനത്തിൽ നിന്നും ബാറ്ററി വാങ്ങുകയും വൗച്ചർ നം 220002663 തിയതി 06/06/2020 പ്രകാരം 6200/-രൂപ നൽകിയതായും കാണുന്നു. ഇത് ബൈ ബാക്ക് വ്യവസ്ഥയിലാണോ വാങ്ങിയത്,പഴയ ബാറ്ററിയുടെ വില കുറവ് ചെയ്തിട്ടുണ്ടോ എന്നീവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതു ലഭ്യമാക്കിയില്ല.ബൈ ബാക്ക് വ്യവസ്ഥയിൽ ലഭ്യമാകുന്ന വാങ്ങലുകൾ അപ്രകാരം വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പ്രൊഫഷണൽ സേവനങ്ങൾക്ക് ചാർജ്ജ് - ആദായനികുതി ഈടാക്കിയില്ല

പ്രോജക്ട് നം-189/2021

അടങ്കൽ-50000/-( വികസനഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്-50000/-ബിൽ നം-20126000000003091 C/o 22/10/2020

നിർവ്വഹണം- സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ശുചിത്വ മാലിന്യസംസ്കരണ ഹരിത സഹായ സ്ഥാപനമായി തിരഞ്ഞെടുത്ത *നോർത്താംപ്സ് ഇ.എൻ.വി സൊല്യൂഷന്* എന്ന സ്ഥാപനത്തിന് മാനേജ്മെന്റ് കൺസൾട്ടൻസി ചാർജ്ജായി 50,000 രൂപ വികസന ഫണ്ടിൽ ( ധനകാര്യകമ്മീഷൻ ഗ്രാന്റിൽ ) നിന്നും നൽകിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം വർഷം 30,000 രൂപക്ക് മുകളിലുള്ള പ്രഫഷണൽ സേവനങ്ങൾക്ക് 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. നോർത്താംപ്സ് ഇ.എൻ.വി സൊല്യൂഷന് മാനേജ്മെന്റ് കൺസൾട്ടൻസി ചാർജ്ജായി 50,000 രൂപ നൽകിയിട്ടും ആദായനികുതി ഈടാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-6 തിയതി 28/05/2022 ) നൽകിയതിന് നൽകിയ മറുപടിയിൽ സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും റ്റി.ഡി.എസ് കുറവ് ചെയ്യാൻ വിട്ടുപോയതാണെന്നും സ്ഥാപനം ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ട് എന്നറിയിച്ചതായും ഗ്രാമപഞ്ചായത്ത് വിശദീകരണം നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനത്തിലെ ചോർച്ച തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനും വേണ്ടി ആവിഷ്കരിച്ച സ്രോതസ്സിലുള്ള നികുതി പിരിവ് കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവുവിളക്ക് അറ്റകുറ്റപ്പണി- ഒഴിവാക്കിയ നികുതി തുക കരാറുകാരന് അധികമായി നൽകി

തെരുവുവിളക്ക് അറ്റകുറ്റപ്പണി- നികുതി തുക അധികമായി നൽകി
പ്രോജക്ട്നം-205/21(S.O) -
നിർവ്വഹണം -സെക്രട്ടറി

ചെലവ് -Cheque No-1303466 Dtd 27/10/2020 (Vou.220000683 Dtd 27/10/20)

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കായി 2020-21 വർഷം തനതുഫണ്ടിൽ നിന്നും 106080 രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി നികുതികളടക്കം ഒരു എൽ.ഇ.ഡി ബൾബിന് 204രൂപ ക്വാട്ട് ചെയ്ത ശ്രീമതി.മിനിമോൾ പി.ജി, ഗ്രീഷ്മ അസോസിയേറ്റ്സ്, മുളക്കുളം നോർത്ത് എന്നയാൾക്കാണ് കരാർ നൽകിയിരുന്നത്. ഇതേ പദ്ധതി പ്രകാരം രണ്ട് പാർട്ട് ബില്ലുകളായി 1,06,080 രൂപ വീതം 212160 രൂപ 2019-20 സാമ്പത്തിക വർഷം നൽകിയിരുന്നു. 520 എൽ.ഇ.ഡി ബൾബ് നന്നാക്കുന്നതിന് 172.88 നിരക്കിൽ 89898രൂപയും ജി.എസ്.ടി ആയി 16182 രൂപയും 2020-21 വർഷം ബിൽ 3/2019-20 Dtd 23/03/2020 പ്രകാരം നൽകിയിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി കമ്മീഷണർ 06/03/2019 ൽ നൽകിയ സ്പഷ്ടീകരണപ്രകാരം ഗ്രാമീണമേഖലയിലെ വൈദ്യുതവത്ക്കരണം ,വൈദ്യുതി വിതരണം എന്നിവ ഭരണഘടനയിലെ 243 G വകുപ്പുപ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നതാകയാൽ ഇത്തരം സേവനങ്ങളെ ജി.എസ്.ടി നിയമപ്രകാരം പുറത്തിറക്കിയ S.R.O No.371/2017 Sl.No.3 വിജ്ഞാപനപ്രകാരം ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരാറുകാരന് ജി.എസ്.ടി ഇനത്തിൽ അനുവദിച്ച 16182 രൂപ പഞ്ചായത്തിന് നല്കാൻ ബാധ്യതയില്ലാത്തതായിരുന്നു. കരാറുകാരൻ ജി.എസ്.ടി നൽകിയിട്ടുണ്ടെങ്കിൽ മേൽ സ്പഷ്ടീകരണപ്രകാരം അത് റീ ഫണ്ടായി ലഭിക്കാൻ അർഹതയുണ്ട്. നികുതി ബാധകമല്ലാത്തയിനത്തിന് ജി.എസ്.ടി അനുവദിച്ചത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-7,തിയതി-28/05/2022) നൽകിയ മറുപടിയിൽ സ്ഥാപനം ബില്ലിൽ ചേർത്ത് നൽകിയ ജി.എസ്.ടി കുറവ് ചെയ്യാൻ വിട്ടുപോയതാണെന്നും സ്ഥാപനം ജി.എസ്.ടി തുക ഒടുക്കി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്നും റീഫണ്ട് കാലാവധി കഴിഞ്ഞതിനാൽ തുക തിരികെ ലഭിക്കില്ല എന്നറിയിച്ചതായും ഗ്രാമപഞ്ചായത്ത് വിശദീകരണം നൽകിയിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ അനിവാര്യചുമതലകളുടെ നിർവ്വഹണത്തിനായി ഭരണഘടനയുടെ 243 G വകുപ്പ് പ്രകാരം നൽകിയ നികുതിയിളവ് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിലെ അധികച്ചെലവ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

.

| ക്രമ നം. | ഇന വിവരം | 31.3.21 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | സപ്ലൈയേഴ്സ് എസ്.ഡി | 34800 | 2015-16 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 31000 | 2013-14 മുതൽ |
| 3 | ആഡിറ്റോറിയം ഡെപ്പോസിറ്റ് | 9000 | 2016-17 മുതൽ |
| 4 | കോൺട്രാക് ടേഴ്സ് റിട്ടെൻഷൻ | 68034 | 2014-15 മുതൽ |
| 5 | ലേലം ഡെപ്പോസിറ്റ് | 1135 | 2012-13 മുതൽ |
| 6 | ബിഡേഴ്സ് ഇഎംഡി | 187670 | 2016-17 മുതൽ |
| 7 | ബിഡേഴ്സ് എസ്.ഡി | 28075 | 2014-15 മുതൽ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/27.5.22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫീസ് - ബാങ്ക് ചാർജ്ജ് ഈടാക്കുന്നു.

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കാക്കൂർ ശാഖയിൽ 11.5.2018 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37697984882). പ്രസ്തുത അക്കൗണ്ടിൽ 14.8.2019 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. പ്രസ്തുത തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ 2446/- രൂപ നാളിതുവരെ ഈടാക്കിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത കറന്റ് അക്കൗണ്ടിൽ നിന്നും ഇത്തരത്തിലുള്ള ചാർജ്ജുകൾ ഈടാക്കുന്നത് ക്രമപ്രകാരമല്ല. ടി തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

14.8.2019 ന് മുമ്പുള്ള കാലയളവിലെ ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എറണാകുളം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. എൽ.എസ്.ജി.ഡി എറണാകുളം ഡിവിഷൻ , എക്സി.എഞ്ചിനിയറുടെ 3.12.2018 ലെ A4-381/18 നമ്പർ കത്ത് പ്രകാരം ഇ ടെണ്ടർ ഇനത്തിലെ 35500/- രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇത് ഏത് കാലയളവ് വരെയുള്ളതാണെന്നും ടി ഇനത്തിൽ എത്ര തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ബന്ധപ്പെട്ട അസി.എഞ്ചിനിയർ ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/31.5.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ബാങ്കിലേയ്ക്കും, എക്സി.എഞ്ചിനിയർക്കും കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/31.5.22)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-28 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല

2020-21 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റ്യുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബിറ്റ്യുമിന്റെ അളവ് | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|
| | | | | ബാരൽ വില | ജി.എസ്.ടി |
| 1 | തിരുമാറാടി നെടുങ്ങോട് റോഡ് റീടാറിംഗ്, ഐറിഷ് ഡ്രെയിൻ (32/20)<br>ബാബു മണി, എം.ബുക്ക്- 56/19-20<br>പ്രവൃത്തി മൂല്യം - 510071/-<br>ബിൽ നം. 1831/17.8.20 | വി.ജി 30 - 3575.65kg<br>ആർ.എസ്.1 – 338kg | 25 | 5950 | 1075 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | 5950 | 1075 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബ്വാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/2.6.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങളിൽ നിയമം അനുശാസിക്കും പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ലാത്തതായി കാണുന്നു. 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനുള്ളിൽ ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേർഡ് പോസ്റ്റ്/ കുറിയർ / ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കി തുടർന്നുള്ള 10 ദിവസം വരെ കരാർ ചമയ്ക്കാവുന്നതാണ്. പിഴയോടു കൂടി 10 ദിവസത്തിനു ശേഷവും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പ്രസ്തുത സമയക്രമങ്ങൾ പാടെ അവഗണിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി |
|---|---|---|---|---|---|
| 1 | തിരുമാറാടി നെടുങ്ങോട്ട് റോഡ് റീടാറിംഗ് (32/20) | ബാബുമണി | 17.9.2019 | 6.11.2019 | 13.11.19 |
| 2 | കല്പക പള്ളിക്കുന്ന് റോഡ് ടാറിംഗ് (36/20) | ബൈജു ഐസക്ക് | 28.11.2019 | 3.1.2020 | 9.1.20 |
| 3 | പുതിയ വീട്ടിൽ താഴം റോഡ് ടൈലിംഗ് (70/21) | എ.ജെ. ജോസഫ് | 17.7.2020 | 3.9.2020 | 11.9.20 |
| 4 | കാക്കൂർ വനിത വ്യവസായ കേന്ദ്രം നിർമ്മാണം (63/20) | എം.പി. പ്രിൻസ് | 28.11.2019 | 14.1.2020 | 24.1.20 |
| 5 | മുരിങ്ങമറ്റം പള്ളിക്കുന്ന് റോഡ് റീടാറിംഗ് (44/20) | ബൈജു ഐസക്ക് | 28.11.2019 | 9.1.20 | 9.120 |
| 6 | തിരുമാറാടി വി.<br>എച്ച് എസ് എസ് ചിറ്റേത്തുമല റോഡ് റീടാറിംഗ് (40/20) | ജോജിഷ് ജോസ് | 6.9.2019 | 23.11.19 | 23.11.19 |
| 7 | ഈറ്റാപ്പിള്ളി പുന്നച്ചുവട് റോഡ് ടാറിംഗ് (12/20) | എം.സി. രാജൻ | 28.11.2019 | 9.1.20 | 9.1.20 |

പ്രസ്തുത പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിൽ വളരെയധികം കാലതാമസ്സം വന്നിട്ടുള്ളതായി കാണുന്നു. ടെണ്ടർ സ്വീകരിച്ച് 21(7+14) ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്ത പക്ഷം പിഴ ഈടാക്കേണ്ടതാണ്. എന്നാലിവിടെ പിഴയുടെ ബാധ്യത ഒഴിവാക്കുന്നതിനായി കരാർ തീയതിയ്ക്കനുസൃതമായി സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളതായി സംശയിക്കത്തക്ക വിധത്തിലാണ് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/1.6.22) ലഭ്യമാക്കിയ മറുപടിയിൽ കമ്മറ്റി തീരുമാനം ലഭിക്കുന്നതിലുണ്ടായ കാലതാമസ്സം മൂലമാണ് പ്രസ്തുത അപാകമുണ്ടായിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കമ്മറ്റി തീരുമാനം എടുത്തതിനു ശേഷം 1 മുതൽ 2 മാസത്തിനുള്ളിൽ മാത്രമാണ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം

കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/1.6.22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-31 തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം- പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 76/20 |
| പ്രോജക്ടിന്റെ പേര് | : | തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | | സോബി ജോൺ |
| ചെലവ് വിവരം | : | 1516186/- |
| ബിൽ നം. | : | 5310/22.3.21 5313/18.3.21 |

വടകര വനിത വ്യവസായ കേന്ദ്രത്തിൽ കുത്തരി റൈസ് മിൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടാണിത്. യൂണിറ്റിന്റെ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയക്കായി 17.70 ലക്ഷം രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു.

1. പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ശ്രീ.സോബി ജോൺ 31.12.2019 ൽ നിർവ്വഹണ ഉദ്യോഗസ്ഥയുമായി കരാർ ചമച്ചിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 മാസമാണ്. എന്നാൽ 1.6.20 ലാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതായി കാണുന്നത്. കാലതാമസ്സത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. ഹാജരാക്കിയ എം.ബുക്ക് പ്രകാരം പ്രവൃത്തി 17.12.20 ൽ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനു വേണ്ടി 44450/- രൂപയാണ് (Lumpsum) എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയിൽ വിഭാവന ചെയ്തിരുന്നത് പോലെ കുത്തരി റൈസ് മിൽ യൂണിറ്റ് ആരംഭിച്ചിട്ടുള്ള പക്ഷം ആയതിന്റെ വിവരം / നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. പ്രസ്തുത പ്രോജക്റ്റ് പ്രകാരമുള്ള റൈസ് മിൽ സ്ഥാപിക്കാൻ ഇടയായാൽ തന്റെ കുടുംബത്തിനും, സമീപത്തുള്ള അംഗനവാടിയിലെ കുട്ടികൾക്കും മറ്റ് സമീപവാസികൾക്കും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് കാണിച്ച് ഒലിയപ്പുറം തട്ടാം പാറയിൽ ബോബി ജോസഫ് ജോർജ്ജ് പരാതി നൽകിയിട്ടുള്ളതായി കാണുന്നു. ടി പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിച്ചിട്ടില്ല.

ഓഡിറ്റ് പരാമർശത്തിൻമേൽ (നം.22/1.6.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്ന മരം മുറിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസ്സം മൂലമാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ താമസ്സം വന്നിട്ടുള്ളതെന്നും, ഇലക്ട്രിഫിക്കേഷന് വകയിരുത്തിയിരുന്ന തുക കുറവായതിനാലാണ് ടി പ്രവൃത്തി ചെയ്യാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ 15 ലക്ഷം രൂപയിലധികം ചെലവഴിച്ച പ്രസ്തുത പദ്ധതി ഭൗതിക ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ നിൽക്കുന്നു. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് അപാകങ്ങൾക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 മണ്ണത്തൂർ പള്ളിത്താഴം മഴകുന്ന് റോഡ് സൈഡ് വാൾ കോൺക്രീറ്റിംഗ് - പ്രവൃത്തി മൂല്യത്തിലധികം തുക പിൻവലിച്ചു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 11/20 |
| പ്രോജക്ടിന്റെ പേര് | : | മണ്ണത്തൂർ പള്ളിത്താഴം മഴകുന്ന് റോഡ് സൈഡ് വാൾ കോൺക്രീറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | | എം.സി.ജോൺ |
| പ്രവൃത്തിമൂല്യം | | 1488433 |
| അളവ് ബുക്ക് | | 25,66/19-20 |
| ചെലവ് വിവരം | : | 1504554/ |
| ബിൽ നം. | : | 705/22.5.20 – 604000/-<br>1832/17.8.20 – 555150/-<br>1833/17.8.20 - 40850/-<br>4972/26.2.21 – 304554/- |

2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി ഓഡിറ്റ് വർഷം പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം (നികുതികൾ ഉൾപ്പെടെ) 1488433/- രൂപയായിരുന്നു. എന്നാൽ ടി പ്രവൃത്തിയ്ക്കായി 1504554/- രൂപ ട്രഷറിയിൽ നിന്നും മാറിയിട്ടുള്ളതായി കാണുന്നു. കരാറുകാരന് നൽകിയ ഒന്നാം പാർട്ട് ബില്ലിൽ നിന്നും 16121/- രൂപ റീട്ടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിരുന്നു. എന്നാൽ കരാറുകാരന് ഫൈനൽ ബിൽ നൽകിയപ്പോൾ റീട്ടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും നൽകേണ്ടതിന് പകരം ടി തുക വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചതു മൂലമാണ് 16121/- രൂപയുടെ അധിക ചെലവുണ്ടായിട്ടുള്ളത്. ടി തുക തിരികെ

ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/1.6.22) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ലഭ്യമാക്കുന്നതിനായി സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 വെയിറ്റിംഗ് ഷെഡ് നിർമ്മാണം - (വാളിയപ്പാടം, ചാക്കാപ്പടി, മണത്തൂർ അത്താണിക്കര എച്ച്.എസ് ജംഗ്ഷൻ) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 66/20 |
| പ്രോജക്ടിന്റെ പേര് | : വെയിറ്റിംഗ് ഷെഡ് നിർമ്മാണം - (വാളിയപ്പാടം, ചാക്കാപ്പടി, മണത്തൂർ അത്താണിക്കര എച്ച്.എസ് ജംഗ്ഷൻ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | നോബി ജോൺ |
| പ്രവൃത്തിമൂല്യം | : 323505/- |
| ബിൽ നം. | : 3570/18.11.20 - 300000/-<br>1303622/20.1.20 - 23505/- |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതും കൂത്താട്ടുകുളം - പിറവം പി ഡബ്ല്യൂ ഡി റോഡ് സൈഡിൽ വാളിയപ്പാടം, ചാക്കാപ്പടി, മണത്തൂർ അത്താണിക്കര എച്ച്.എസ് ജംഗ്ഷൻ എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന പഴക്കം ചെന്ന വെയിറ്റിംഗ് ഷെഡുകൾക്ക് പകരം പുതിയ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം,സബ് ഡിവിഷൻ , മൂവാറ്റുപുഴയുടെ 19.12.2019 ലെ ഡി-4/1040/07 നമ്പർ കത്ത് പ്രകാരം പ്രസ്തുത നിർമാണത്തിന് അനുമതി നൽകിയിരുന്നു. പദ്ധതി നിർവ്വഹണത്തിനായി എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. നോബി ജോൺ എന്നയാളുടെ കരാർ അംഗീകരിച്ചാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം , കൂത്താട്ടുകുളം സെക്ഷൻ അസി.എഞ്ചിനിയർ 19.5.20 ൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ (നം.കെ.എസ്.9/19-20) അത്താണിക്കൽ ജംഗഷനിലെ നിർമ്മാണ പ്രവർത്തനങ്ങൾ കാഴ്ചയെ മറയ്ക്കുന്നതായും, അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ചതായും, പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന അത്താണി മാറ്റിയിട്ടുള്ളതായും കാണുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ താല്ക്കാലികമായി നിർത്തി വെയ്ക്കുവാൻ അറിയിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ വെയ്റ്റിംഗ് ഷെഡ് നിർമ്മാണത്തിനായി ട്രാഫിക് ഐലൻഡിൽ നിന്നും മുറിച്ചുമാറ്റിയ വൃക്ഷങ്ങളുടെ വില വൃക്ഷങ്ങൾ വെട്ടി മാറ്റിയവരിൽ നിന്നും ഈടാക്കി ജലസേചന വകുപ്പിൽ അടവാക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തിനാണെന്ന കാണിച്ച് എം,വി,ഐ.പി രാമമംഗലം സെക്ഷൻ 1/9 അസി. എഞ്ചിനീയർ പഞ്ചായത്തിന് 24-06-20 തീയതിയിൽ എസ്1/9-1/2005 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. ടി വൃക്ഷങ്ങളുടെ വിലയും നികുതികളും അടക്കം 52,211/- രൂപ അടവാക്കി റിപ്പോർട്ട് ചെയ്യണമെന്ന് കാണിച്ച് ടി ഓഫീസിൽനിന്ന് 30-07-2020 തീയതിയിൽ മറ്റൊരുകത്തും നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

1. പ്രസ്തുത സ്ഥലത്ത് നിന്നും മുറിച്ചുമാറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ള മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ മരങ്ങളുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്.

2. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കത്തുകളിൻമേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

3. നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം , കൂത്താട്ടുകുളം സെക്ഷൻ അസി.എഞ്ചിനിയർ 19.5.20 ലാണ് കത്ത് നൽകിയിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ എം.ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 9.6.20 ലാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4. പഞ്ചായത്ത് കമ്മിറ്റിയുടെ 7.9.2020 ലെ 2(3) നമ്പർ തീരുമാന പ്രകാരം വാളിയപ്പാടം, മണത്തൂർ അത്താണി എച്ച്.എസ് ജംഗ്ഷൻ എന്നിവിടങ്ങളിലെ വെയിറ്റിംഗ് ഷെഡ് ഒഴിവാക്കി ചാക്കാപ്പടി വെയിറ്റിംഗ് ഷെഡ് മാത്രമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വെയിറ്റിംഗ് ഷെഡിന് മാത്രമായി 328906/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഒർജിനൽ എസ്റ്റിമേറ്റിൽ 3 പ്രവൃത്തികൾക്കുമായി ആകെ 447627/- രൂപയാണ് വകയിരുത്തിയിരുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

1) വാളിയപ്പാടം വെയിറ്റിംഗ് ഷെഡ് - 149552/-

2)മണത്തൂർ അത്താണി എച്ച്.എസ് ജംഗ്ഷൻ - 115123/-

3) ചാക്കാപ്പടി വെയിറ്റിംഗ് ഷെഡ് - 134992/-

(ആകെ 399667 + 12% GST = 447627/-)

ചാക്കാപ്പടി വെയിറ്റിംഗ് ഷെഡിനായി ഒർജിനൽ എസ്റ്റിമേറ്റിൽ 134992/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ മറ്റ് രണ്ട് പ്രവൃത്തികൾ ഒഴിവാക്കിയ സാഹചര്യത്തിൽ ടി എസ്റ്റിമേറ്റ് തുകയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതിന് പകരം ആകെ ലഭ്യമായ ഫണ്ടിന്റെ 73.5 % തുകയും ടി പ്രവൃത്തിയ്ക്കായി ചെലവഴിച്ചതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ പ്രവൃത്തികൾ ചെയ്യേണ്ടതിന് പകരം തുക പരമാവധി ചെലവഴിക്കുന്നതിന് മുൻതൂക്കം നൽകിയതായി കാണുന്നു.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/2.6.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ മരം മുറിച്ചുമാറ്റിയതുമായി യാതൊരു വിധ ബന്ധവുമില്ലെന്നും, പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മറ്റ് രണ്ട് പ്രവൃത്തികൾ ഒഴിവാക്കിയതിനാൽ ചാക്കാപ്പടി വെയിറ്റിംഗ് ഷെഡ് വലുതാക്കി നിർമ്മിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് നിന്ന് മുറിച്ച മാറ്റിയ മരങ്ങളുടെ വില ഒടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ് കത്ത് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ഫണ്ട് കൂടുതലുള്ളതിനാൽ ചാക്കാപ്പടി വെയിറ്റിംഗ് ഷെഡ് വലുതാക്കി നിർമ്മിച്ചതായാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ വെയിറ്റിംഗ് ഷെഡ് വലുതാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ, കമ്മറ്റി തീരുമാനമോ എടുത്തിട്ടില്ല. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 204800 | 161/21-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 204800 | 0 |
| | | 3,40,000 | 211/21-ലൈഫ് (എസ്.സി) | 3,40,000 | |
| | | 6,38,919 | 168/21-പാൽ സബ്സിഡി | 6,38,919 | |
| ആകെ | | 11,83,719 | ആകെ | 11,83,719 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 204800 | 161/21-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 204800 | 0 |
| | | 800000 | 170/21, ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 800000 | 0 |
| | | 870000 | 211/21, ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 870000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 360468 | 25/21-നെൽകൃഷി വികസനം | 360468 | |
| | | 228500 | 168/21-പാൽ സബ്സിഡി | 228500 | |
| ആകെ | | 24,63,768 | ആകെ | 24,63,768 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ | കീഴ്ച്ചിറമെറ്റാലിക്ക് ഷെൽട്ടർ | ചെലാൻ നം2 611 തീ 23.09.2020 | 630000 | | 630000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഉണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 11,00,000 രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 11,00,000 | 1297581.00 | 556784.00* | 0 | 1832147.00 |

* തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 454157/- രൂപയും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 102627/- രൂപയും ഉൾപ്പെടെയുള്ള തുക.

*കുറിപ്പ്:* 2019-20 വാർഷികകണക്കിലെ Schedule B-5 പ്രകാരം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 1288931.00 രൂപയായാണ് രേഖപ്പെടുത്തിയിരുന്നത്. ഇത് പ്രകാരം നീക്കിയിരുപ്പ് കണക്കാക്കുമ്പോൾ 8650 രൂപ കുറവായിക്കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽ നികുതി | 28.09.2018 ൽ എ1/ 5472 /16 |

| | | | | | |
|---|---|---|---|---|---|
| | | | | | നമ്പർ കത്ത് പ്രകാരം മറുപടി നൽകി |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80538982.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80395881.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,30,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും | തടസ്സത്തിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെപേരും മേൽവിലാസവും |
|---|---|---|---|
| 1-19 | 200000 | മെഡിക്കൽ ഓഫീസർ.എഫ്.എച്ച് .സി | ഡോ.സാവിത്രി.സൗപർണ്ണിക.കട്ടാടി ലേയ്ൻ.ഉദയംപേരൂർ എറണാകുളം |
| 1-20 | 6,30,000 | സെക്രട്ടറി,തിരുമാറാടി ഗ്രാമപഞ്ചായത്ത് | പി.ആർ മോഹൻകുമാർ ശങ്കരവിലാസം, ഇലഞ്ഞി, എറണാകുളം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| | | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/ 7.3.96 | - |

| | | |
|---|---|---|
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/ 6.12.96 | - |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(3)/ 2018/ 24.7.19 | 11 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(5)/ 2018/ 24.7.19 | 2 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(6)/ 2018/ 24.7.19 | 1 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(7)/ 2018/ 24.7.19 | 4 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(8)/ 2018/ 24.7.19 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(9)/ 2018/ 24.7.19 | 1 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 3 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(12)/ 2018/ 24.7.19 | 6 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(13)/ 2018/ 24.7.19 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(14)/ 2018/ 24.7.19 | 2 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(15)/ 2018/ 24.7.19 | 9 |
| 2011-12 & 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(16)/ 2018/ 24.7.19 | 5 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(17)/ 2018/ 24.7.19 | 8 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1811/2016/ 25.2.17 | 13 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2440/2016/ 19.4.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1779/2019/ 27.7.2020 | 5 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2022/2019/ 28.07.2020 | 5 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.9) 515/2021/ 31.03.2021 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്